# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3198 14.03.2018-ൽ മറുപടിയ്ക്ക്

## സൗദി അറേബ്യയിലെ സ്വദേശി വൽക്കരണത്തിന്റെ ഫലമായി മടങ്ങിയെത്തുന്നവർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. സി.ജോസഫ്<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. അനിൽ അക്കര | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സൗദി അറേബ്യയിലെ ചെറുകിട വ്യവസായ വാണിജ്യമേഖലകളിൽ സമ്പൂർണ്ണ സ്വദേശി വൽക്കരണം ഈ വർഷം സെപ്റ്റംബറിൽ നടപ്പിലാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മലയാളികൾ ധാരാളമായി പ്രവൃത്തിയെടുക്കുന്ന പ്രസ്തുത മേഖലകളിലെ സ്വദേശി വൽക്കരണം മലയാളികളുടെ കൂട്ടത്തോടെയുള്ള ഒഴിഞ്ഞ് പോക്കലിന് ഇടയാക്കുമോ ; | (ബി) സ്വദേശി വൽക്കരണം മൂലം ധാരാളം പ്രവാസി മലയാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ട് തിരികെ വരേണ്ട സാഹചര്യം സംജാതമാകും. |
| (സി) എങ്കിൽ പ്രസ്തുത സാഹചര്യം നേരിടുന്നതിനും സംസ്ഥാനത്ത് മടങ്ങിയെത്തുന്ന പ്രവാസികളെ സഹായിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (സി) സംസ്ഥാനത്ത് തിരികെയെത്തുന്ന പ്രവാസികളെ സഹായിക്കുന്നതിന് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നല്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ചുരുങ്ങിയത് രണ്ട് വർഷമോ അതിലധികമോ വിദേശത്ത് ജോലി ചെയ്യുതിനു ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി ഉടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ |

ലഭ്യമാക്കുന്നുണ്ട്. കൂടാതെ വിദേശത്ത് സാങ്കേതിക മേഖലകളിൽ തൊഴിൽ ചെയ്ത് പരിചയമുള്ളതും എന്നാൽ മതിയായ വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവരുമായ പ്രവാസികൾക്ക് അവരുടെ തൊഴിൽ വൈദഗ്ധ്യം വിലയിരുത്തി പരിശീലനം നൽകി ആധികാരികമായി സാക്ഷ്യപ്പെടുത്തി നൽകുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കി വരുന്നു. ഇവർ നേടിയ അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ധ്യം, പ്രവൃത്തി പരിചയം എന്നിവ കണക്കിലെടുത്ത് ഇവരെ വിവിധ മേഖലകളിൽ മാസ്റ്റർ ട്രെയിനേഴ്സ് ആയി വിനിയോഗിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**